● കാമ്പയിൻ

# മണിപ്പൂർ മനുഷ്യാവകാശ സമരത്തിന് ഐക്യദാർഢ്യം

"കിഴക്കിന്റെ കവാടം" എന്ന് വിനോദ സഞ്ചാര പരസ്യങ്ങളിൽ വിശേഷിപ്പിക്കപ്പെടുന്ന മണിപ്പൂരിലെ 24 ലക്ഷം ജനങ്ങൾ കഴിഞ്ഞ 24 വർഷങ്ങളായി ഇന്ത്യൻ ആർമിയുടെ അതിഭീകരമായ പീഢനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അസ്വസ്ഥബാധിതപ്രദേശമെന്ന് പ്രഖ്യാപിച്ച് പട്ടാളത്തിന്റെ പ്രത്യേക അധികാര നിയമമനുസരിച്ചാണ് മണിപ്പൂരിലെ മാത്രമല്ല, മുഴുവൻ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേയും ജനങ്ങളുടെ മനുഷ്യാവകാശങ്ങൾ ധ്വംസിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ അനിശ്ചിത കാല നിരാഹാരസമരം നടത്തുന്ന കവയത്രിയും മനുഷ്യവകാശ പ്രവർത്തകയുമായ ഇറോം ഷർമ്മിളയുടെ സമരം നവംബർ 2 ന് ആറുവർഷം കഴിയുകയാണ്.

ഇന്ത്യൻ ഭരണഘടന, ഇന്ത്യൻ സർക്കാർ ഒപ്പുവെച്ച അന്താരാഷ്ട്ര മനുഷ്യവകാശ കൺവെൻഷൻ ധാരണകൾ, 4 ജനീവ കൺവെൻഷൻ ഉത്തരവുകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഒരുതരത്തിലും ന്യായീകരിക്കാനാവാത്ത അതിക്രമങ്ങളാണ് ഇന്ത്യൻ പട്ടാളം മണിപ്പൂരിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സമരത്തെ ആളിക്കത്തിച്ച മനോരമാദേവിയെ ബലാത്സംഗം ചെയ്ത് കൊന്ന സംഭവമടക്കം എല്ലാ അതിക്രമങ്ങളും അനവരതം ഇവിടെ അരങ്ങേറുന്നു. പീഢനങ്ങളുടെ ഏറ്റവും വലിയ ദുരന്തം ഏറ്റുവാങ്ങുന്നത് സ്ത്രീകളായതുകൊണ്ടാകാം സമരത്തിന്റെ മുന്നണി പോരാളികളും അവർതന്നെ ആയിരിക്കുന്നത്. തങ്ങളെക്കൂടി ബലാത്സംഗം ചെയ്ത് കൊല്ലാൻ ഇന്ത്യൻ പട്ടാളത്തോടാവശ്യപ്പെട്ട് നഗ്നരായി സ്ത്രീകൾ നടത്തിയ പ്രക്ഷോഭം ലോകശ്രദ്ധ ആകർഷിച്ചു. എഴുത്തുകാരി എം. കെ. ബിനോദിനി ദേവി, പത്മശ്രീ ജേതാവും ചലചിത്രകാരനുമായ അറിബൽ ശ്യാം ശർമ്മ തുടങ്ങിയവരൊക്കെ ഇന്ന് സമരത്തിന്റെ മുന്നണിയിലുണ്ട്. ഇന്ത്യൻ ഭരണകൂടത്തെ സാമ്രാജ്യത്വ ശക്തിയായി കണ്ടുകൊണ്ടാണ് മണിപ്പൂർ ജനത ഇന്ന് പോരാടുന്നത്. കൊക്കകോളയ്ക്കും, പെപ്സിക്കുമൊപ്പം ഇന്നവർ ബഹിഷ്കരിക്കുന്നത് ഇന്ത്യൻ ഉൽപ്പന്നങ്ങൾ കൂടിയാണ്. സമരത്തിന്റെ ഭാഗമായി മണിപ്പൂർ വിദ്യാർത്ഥി ഫെഡറേഷൻ നേതാവ് പേബാ ചിത്തരഞ്ജൻ തീകൊളുത്തി ചാമ്പലായത് 2004 ആഗസ്റ്റ് 15ന് ആയിരുന്നു എന്നത് ഇവിടെ ശ്രദ്ധേയമാണ്.

പാലസ്തീനിനും, ഇറാക്കിനും, ലബനനും, ലാറ്റിൻ അമേരിക്കയ്ക്കും, ക്യൂബയ്ക്കും, വിയറ്റ്നാമിനും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന കേരളമനസ്സ് മണിപ്പൂരിനെ കണ്ടില്ലെന്നു നടിക്കുന്നത് നീതീകരിക്കാനാവാത്തതാണ്. സാമ്രാജ്യത്വത്തിനെതിരെ എന്നും സമരം ചെയ്തിട്ടുള്ള നാം എന്തുകൊണ്ടാണ് ഭരണകൂടത്തിന്റെ സാമ്രാജ്യത്വ സ്വഭാവത്തിനെതിരെ പ്രതികരിക്കാത്തതെന്ന് ചിന്തിക്കേണ്ടതാണ്. അതുകൊണ്ടുതന്നെ മണിപ്പൂർ നിവാസികളുടെ സമാധാനത്തിനുവേണ്ടിയും ജീവിക്കാനുള്ള അവകാശത്തിനു വേണ്ടിയും കരിനിയമങ്ങൾ പിൻവലിക്കാൻ വേണ്ടി നടത്തുന്ന സമരത്തോട് നമുക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കാം. 6 വർഷമായി തളരാതെ പൊരുതുന്ന ഇറോം ഷർമ്മിളയ്ക്ക് പിന്തുണ പ്രഖ്യാപിക്കാം.

*മണിപ്പൂർ ഐക്യദാർഢ്യ സമിതി, 9895545350*

● അനുഭവം



ഫോട്ടോ : ദിനകരൻ, പൊയറ്റിക്സ്

# ഷോളയാർ കാടുകളിലെ മഴ

**എൻ.എ. നസീർ**

ഇക്കൊല്ലവും വാഴച്ചാൽ ഷോളയാർ പാതയിലൂടെ മഴയുംകൊണ്ട് നടക്കുവാൻ തീരുമാനിച്ചതായിരുന്നു. പക്ഷെ എവിടെയൊക്കെയോ അലഞ്ഞുതിരിഞ്ഞ് അതു നഷ്ടമായി. ദാ മഴ ഈ തുലാവർഷത്തിൽ വീണ്ടും വന്നു വിളിക്കുന്നു.

മൂന്നുവർഷം മുമ്പ് ഞങ്ങൾ വേഴാമ്പലുകളുടെ മോഹിപ്പിക്കുന്ന കാഴ്ചയിൽ ഭ്രമിച്ച് ഈ വനഭൂമിയിൽ ഒത്തിരി ചുറ്റിതിരിയുന്നുണ്ടായിരുന്നു. അതൊരു മഴക്കാലമല്ലായിരുന്നിട്ടും ഞങ്ങൾക്കും കാടിനും വേണ്ടി മഴപെയ്തു.

രണ്ട് കരങ്ങളും ആകാശത്തേക്ക് വിടർത്തി മഴയെ
സ്വീകരിച്ചു.
ശിരസ്സിലൂടെ ശരീരത്തിലൂടെ കാൽപാദങ്ങളിലൂടെ
മഴ ഭൂമിയെ തേടി ചെന്നു.
കരിഞ്ഞുണങ്ങിയ കാടിന്റെ ഗന്ധം
മണ്ണിന്റെ ഗന്ധം
കാടാകെ നനഞ്ഞു കുതിർന്നു.
ആ കാട്ടുപാതയെ മഴ ഒലിച്ചു കൊണ്ടുപോയി.
കാൽപാദങ്ങളിൽ വെള്ളമുലയുന്ന ശബ്ദം
കാതുകളിൽ
പക്ഷികളും ചീവീടുകളും നിശബ്ദരായി
മഴയെ സ്വീകരിച്ചു.
പൂമ്പാറ്റകൾ ഇലകൾക്കിടയിൽ പോയിരുന്നു
മഴയെ ധ്യാനിച്ചു.
നനഞ്ഞു കുതിർന്നപ്പോൾ കാട്ടാർ മുത്തച്ഛന്
ഭൂമിയെ തൊടുവാൻ മോഹം
കാറ്റിനോട് പ്രാർത്ഥിച്ചു
പച്ചിലചാർത്തുകളിൽ മഴ
അതിനായി പെയ്തിറങ്ങി
അവ താഴ്ന്നുവന്ന് ഭൂമിയെ തൊട്ടു
* പുഴ ആഹ്ലാദത്തിലാണ്
നൃത്തം ചെയ്തു കടലിനെ
തേടി പോയി.

*നടുവിലകത്ത്, പള്ളിപ്പോർട്ട്, എറണാകുളം*

* ചാലക്കുടി പുഴ